(ബി&സി) ട്രാൻസ്പോർട്ട് കമ്മീഷണർക്ക് പരാതി ലഭിച്ചിട്ടില്ല. എന്നാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് അത് എടുത്ത് മാറ്റാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇപ്പോൾ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നില്ല.

(ഡി) അർഹതയില്ലാത്ത ഉദ്യോഗസ്ഥർ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് എടുത്തുമാറ്റുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(ഇ) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർമാർക്ക് ഈ വിഷയത്തിൽ വേണ്ട നടപടി എടുക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അത്തരം ബോർഡുകൾ മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

ആർ.ടി ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

190 (1918) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി, ഓരോ ഇനത്തിനും ഒടുക്കേണ്ട ഫീസ് വിവരം എത്രയാണെന്ന് സ്ഥിരം നോട്ടീസ് ബോർഡുവഴി പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ആർ.ടി. ഓഫീസുകളിൽ ബന്ധപ്പെട്ട ഓരോ ഇനത്തിനും ഒടുക്കേണ്ട ഫീസ് വിവരം എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ ഇനത്തിലും അടയ്ക്കേണ്ട ഫീസ് വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണുന്ന രീതിയിൽ നോട്ടീസ് ബോർഡുവഴി പരസ്യപ്പെടുത്തിയിട്ടുണ്ട്.

(സി) 1989-ലെ മോട്ടോർ വാഹന ചട്ടം 32 പ്രകാരം ലൈസൻസുമായി ബന്ധപ്പെട്ടും, കേന്ദ്ര മോട്ടോർ വാഹന ചട്ടം 81 പ്രകാരം രജിസ്ട്രേഷനുമായി ബന്ധപ്പെട്ടും, കേരള മോട്ടോർ വെഹിക്കിൾസ് റൂൾ 164 പ്രകാരം വിവിധ പെർമിറ്റുമായി ബന്ധപ്പെട്ട് നിർണ്ണയിച്ചിട്ടുള്ള ഫീസിന്റെ വിശദാംശങ്ങളും വിവിധ സർവ്വീസുകൾക്ക് അടയ്ക്കേണ്ട സർവ്വീസ് ചാർജ്ജിന്റെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly